# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2463** **18.02.2016** - ൽ മറുപടിക്ക്

## വരൾച്ചാ-നിവാരണ പ്രവൃത്തികൾക്കുള്ള തുക

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2013-16 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ വരൾച്ചാ-നിവാരണ പ്രവൃത്തികൾക്കുള്ള തുക ഇനിയും അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2013-16 കാലയളവുകളിൽ കേരള വാട്ടർ അതോറിറ്റി മുഖേന വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ 2013-ലും2014-ലുമാണ് നടപ്പാക്കിയത്.<br><br>ടി പദ്ധതികൾക്കായി 88.00 കോടി രൂപ അധിക വ്യയ അനുമതി പദ്ധതി വിഹിതമായി നൽകിയിട്ടുണ്ട്. |
| (ബി) ഇതുമൂലം ഈ വർഷത്തെ വരൾച്ചാ നിവാരണ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കരാറുകാർ തയ്യാറാവാത്ത സാഹചര്യത്തിൽ, കുടിശ്ശിക തുക അനുവദിച്ച് നൽകുന്നതിനും, വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | 2013-ലും 2014-ലും നടപ്പിലാക്കിയ വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി അനുവദിച്ച 88.00 കോടി രൂപയിൽ 21/10/2015 വരെ ജല അതോറിറ്റി ഹെഡ്ഡോഫീസിൽ ലഭിച്ച ബില്ലുകളുടെ തുകയായ 33.02 കോടി രൂപ അനുവദിക്കുകയും ആയത് കൊടുത്തു തീർക്കുകയും ചെയ്തു. ബാക്കിയുള്ള വർക്കുകളുടെ തുക, ബില്ലുകൾ തയ്യാറായി ഹെഡ്ഡോഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അധികവ്യയ അനുമതി ലഭിച്ച തുകയിൽ നിന്നും പിൻവലിച്ച് നൽകുന്നതാണ്.<br><br>വരാനിരിക്കുന്ന വരൾച്ചാ നിവാരണ പണികളും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ